കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

E-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.19-2293/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി-28-12-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊല്ലങ്കോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :-പാലക്കാട് ജില്ല കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലക്കാട് ജില്ലാ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2, 2-3, ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ............ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടു ത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.19-2293/16 തിയ്യതി: 28/12/2016

പാലക്കാട്ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ

2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ .കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 20-6-16 മുതൽ 18-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.എൻ.വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-11-2016 മുതൽ<br>29-11-2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| എൻ.എൻ. മുരളീധരൻ | അസി.ഓഡിറ്റ് ഓഫീസർ |
| എസ്.എച്ച്.ഷറഫുദീൻ | അസി.ഓഡിറ്റ് ഓഫീസർ<br>23.11.2016 |
| പി.സരിത | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| കെ.എ.ഫസീല | ഓഡിറ്റർ 19.11.2016 മാത്രം |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ടി.പ്രദീപ | 1-4-2015 മുതൽ<br>4-11-2015 വരെ |
| സെക്രട്ടറി | ശ്രീമതി.ശാലിനി കറുപ്പേഷ് | 5-11-15 മുതൽ 31-3-16 |
| | ശ്രീ.അബ്ദുൾ നാസർ.സി | 1-4-2015 മുതൽ<br>29-7-2015 വരെ |
| | ശ്രീ.ഈ.വി.ഗിരീഷ് | 30-7-2015 മുതൽ<br>05-01-2016 വരെ |
| | ശ്രീ.കെ.രാജു | 6-01-2016 മുതൽ<br>18-01-2016 വരെ |
| | എൻ. രാധ | 19-01-2016 മുതൽ<br>21-01-2016 വരെ |

| | | |
|---|---|---|
| | ഉണ്ണികൃഷ്ണപിള്ള പി.ആർ | 22-01-2016 മുതൽ 31-03-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. വി.എസ്.ദീലീപ് കുമാർ | 1-4-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ | ശ്രീ. ലാല്യ.കെ | 1-4-2015 മുതൽ 31.03.16 |
| | വി.ഇ.ഒ II ശ്രീമതി. സിന്ധു.കെ | 1-04-2014 മുതൽ 31-3-2015വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.എച്ച്.എൻ.ആഗ്നസ് | 1-4-2015 മുതൽ 10-8-2015 വരെ |
| | ഉഷാദേവി.കെ.കെ | 11-8-2015 മുതൽ 31-3-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ജി.സുരേഷ് കുമാർ | 01-4-2015 മുതൽ 31-3-2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ടി.കെ.മോഹൻദാസ് | 29-12-2015 മുതൽ 04.01.16 വരെ |
| | ഡോ.രാജേഷ് | 05-01-2016 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ-ISM | ഡോ.ടി.വി.സുവിജ | 01-04--2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.രഞ്ജി.പി.ആനന്ദ് | 01-4-2015 മുതൽ 31-3-2016 |
| അസി.സെക്രട്ടറി | ശ്രുമതി.ബീന തോമസ് ജോൺ | 1.04.2015 മുതൽ 31.3.16 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 24.3.15 തിയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതി നാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 29.7.16 | 29.8.16 | 28.9.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23785130 |
| വരവ് | 58148213 |
| ആകെ | 81933343 |
| ചെലവ് | 76859086 |
| നീക്കിയിരിപ്പ് | 5074257 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ഉൾപ്പെടെ) | ആകെ തുക | * ചെലവ് തുക | ട്രഷറി യിലേക്ക് തിരിച്ചടച്ച തുക | നീക്കി ബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 766511 | 15027360 | 25358046 | 13803349 | 11554707 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | (9564195+ 24591545) | | (10330706+ 3472643) | | |
| പ്രത്യേക ഗ്രാന്റ് | 555397 | 1500000 | 2055397 | 866006 | 1189391 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 2523782 | 13295249 | 15819031 | 11787510 (2523782+ 9263728) | 4031521 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 100000 | 2487566 | 2587566 | 100000 | 2487566 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2546017 | 105740000 | 108286017 | 11010443 | 2109574 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2055269 | 4539000 | 6594269 | 4888591 | 1729044 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2731558 | 4229166 | 6960724 | 5908644 | 1052080 | 0 |
| ലോക ബാങ്ക് സഹായം | 681186 | 5095237 | 5776423 | 889813 | 4886810 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 155 | 72987300 | 113 | 49433816 | 18 | 34 | 67.72 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം കുറവ്/ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള വരവും പരിഗണിക്കേണ്ടതാണ്.)

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5893176 | 5974470 | 81294 | 1.377( +) |
| നികുതിയേതര വരവുകൾ | 3027436 | 2874802 | -152634 | -5.04 |
| മറ്റുവരവുകൾ | 8456129 | 8951133 | 495004 | +5.85 |
| ആകെ | 17376741 | 17800405 | 423664 | 2.187 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണ ഭോക്താ ക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 126840 | 90 |
| കർഷക തൊഴിലാളി പെൻഷൻ | 6795630 | 833 |
| വിധവാ പെൻഷൻ | 12753480 | 1162 |
| വാർദ്ധക്യകാല പെൻഷൻ | 10883670 | 1169 |
| വികലാംഗ പെൻഷൻ | 2590305 | 132 |
| 50വയസ്സ് കഴിഞ്ഞ അവിവാഹിത അമ്മമാർ | 1120160 | 102 |
| വിവാഹ ധനസഹായം | 1600000 | 56 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2016, 3.30pm-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ

22005/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പൊതുവെ തൃപ്തികരം

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.11.2016 | 10/2016 | 09/2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.8.06 to 02.09.06 | 2005-06 | 09/09/2010 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യ നികുതി പിരിവ്-ലേലത്തുക ഈടാക്കിയിട്ടില്ലാത്തതിനാൽ വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിലെ 2015-16 വർഷത്തെ പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള കുത്തകാവകാശം 5-03-15 ൽ നടന്ന ലേലത്തിൽ 10600/-രൂപയ്ക്ക് ശ്രീ.ഷംസുദ്ദീൻ, s/o അബ്സാലുദ്ദീൻ എന്നയാൾക്ക് ലഭിച്ചു. 14-09-15ലെ തീരുമാനം നം.7(2) പ്രകാരം ഈ ലേലം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ലേല നിബന്ധനകളിൽ ലേല ദിവസം തന്നെ ലേലതുകയുടെ മൂന്നിൽ ഒന്ന് തുക പഞ്ചായത്തിൽ ഒടുക്കേണ്ടതാണെന്നും, ലേലം സ്ഥിരപ്പെടുത്തി നോട്ടീസ് കൈപ്പറ്റുന്ന മുറയ്ക്ക് നിശ്ചിത തുകയുടെ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ശ്രീ.ഷംസുദ്ദീൻ ഈ നിബന്ധനകൾ പാലിച്ചിട്ടില്ലെന്ന് മാത്രമല്ല, സെക്യൂരിറ്റി നിക്ഷേപമായി 1000/- രൂപ അല്ലാതെ നാളിതു വരെ ലേലതുക പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. നിശ്ചിത തുകയുടെ മുദ്രപത്രത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒന്നാം കക്ഷിയായും ലേലം ലഭിച്ച ശ്രീ.ഷംസുദ്ദീൻ രണ്ടാംകക്ഷിയായും യഥാസമയം കരാർ ഉണ്ടാക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ ഈടാക്കാനവശേഷിക്കുന്ന ലേലത്തുക 9600/- രൂപ റവന്യൂ റിക്കവറി നടപടിയിലൂടെയോ മറ്റ് നിയമ നടപടിയിലൂടെയോ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിക്കാത്ത സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. ആയതിനാൽ 9600 രൂപയുടെ വരവ് നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.4/29-11-16ന് മറുപടിയായി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന താണെന്ന് അറിയിച്ചിട്ടുണ്ട്.

പരസ്യനികുതി പിരിവുമായി ബന്ധപ്പെട്ട മറ്റ് പൊതുവായ നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതും വകുപ്പ് 209(ഡി) പ്രകാരം ബൈലോയിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിൻമേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും പരസ്യ നികുതി കുത്തക

നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി/5/15253/04 നമ്പർ സർക്കുലറിലൂടെ ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിന വേണ്ടിയുള്ള മാതൃകാ ബൈലോ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ ബൈലോയുടെ അടിസ്ഥാനത്തിലല്ല പരസ്യ നികുതി ഈടാക്കുന്നതി നുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി),(സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം ചുവർ പരസ്യങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി യിട്ടില്ല. ഓരോ വർഷവും പരസ്യനികുതി പിരിച്ചെടുക്കുവാൻ ലേലം ചെയ്യുകയും ലേലക്കാരൻ ഒറ്റതവണയായി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുകയും ചെയ്യുന്ന രീതിയാണ് തുടർന്നുവരുന്നത്.

തമിഴ്നാട് സംസ്ഥാനത്തിന്റെ അതിർത്തിയോട് ചേർന്നു കിടക്കുന്നതും ഗോവിന്ദാപുരം-പൊള്ളാച്ചി വഴി തമിഴ്നാട്ടിലേക്ക് പ്രവേശിക്കുന്ന സംസ്ഥാന പാതയിലെ ഒരു പ്രധാന പട്ടണമെന്ന നിലയിലും ധാരാളം ആളുകൾ എത്തിച്ചേരുന്നതും നിരവധി വാണിജ്യ സ്ഥാപനങ്ങൾ ഉള്ളതും ധാരാളം ക്രയവിക്രയങ്ങൾ നടക്കുന്നതുമായ ഈ ഗ്രാമപഞ്ചായത്തിൽ നിയമാനുസൃത രീതിയിൽ തന്നെ പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തനതു വരുമാനചോർച്ച തടയേണ്ടതുമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 2-2 ബസ്സ്റ്റാൻഡിനു സമീപമുള്ള പൂത്തൻകുളത്തിലെ മീൻ പിടിക്കുന്നതിനും ചുറ്റുമുള്ള തെങ്ങുകളിലെ മേലാദായം എടുക്കുന്നതിനുമുള്ള അവകാശം-ലേല നടപടി സുതാര്യമല്ല

ഗ്രാമപഞ്ചായത്ത് ബസ്സ്റ്റാൻഡിനു സമീപമുള്ള പൂത്തൻകുളത്തിലെ മീൻ പിടിക്കുന്നതിനും ചുറ്റുമുള്ള തെങ്ങുകളിലെ മേലാദായം എടുക്കുന്നതിനുമുള്ള അവകാശം 24-03-15 ന് നടന്ന ലേലത്തിൽ ശ്രീ.ലോഹിദാസൻ എന്നയാൾക്ക് 85100/- രൂപയ്ക്ക് ഉറപ്പിച്ച് നൽകിയിട്ടുണ്ട്. ലേലനോട്ടീസ് പ്രകാരം 2 വർഷത്തേക്കാണ് ലേലം നൽകിയിരിക്കുന്നത് (13-03-15 ലെ പുനർലേല പരസ്യ നോട്ടീസ്).ശ്രീ.ലോഹിദാസനിൽ നിന്നും 25-03-15-ന് Blank Agreement വാങ്ങി സൂക്ഷിച്ചിട്ടുണ്ടെന്നല്ലാതെ ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ട് രണ്ട് കക്ഷികളും കൂടി കരാറിൽ ഏർപ്പെട്ടിട്ടില്ല. 25-01-16 ലെ നം.ബി 3-1295/2015 കത്തിൽ ലേല തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയത് അറിയിച്ച കൊണ്ട് കത്തിൽ 2015-16, 2016-17 എന്നീ രണ്ട് വർഷങ്ങളിലേക്ക് 85100 രൂപയ്ക്ക് ലേലമുറപ്പിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 30-03-15 ലെ തീരുമാനം 2പ്രകാരം ബസ് സ്റ്റാൻഡ് പൂത്തൻകുളത്തിലെ മീൻ പിടിക്കുന്നതിനും ചുറ്റുമുള്ള തെങ്ങുകളിലെ മേലാദായം എടുക്കുന്നതിനുമുള്ള അവകാശം 2015-16 മുതൽ 2017-18 വരെ 3 വർഷത്തേക്ക് ശ്രീ.ലോഹിദാസന് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ വ്യവസ്ഥ പിന്നീട് മുദ്രപത്രത്തിൽ എഴുതിച്ചേർത്തിട്ടുള്ളതായും കാണുന്നു. ലേലനോട്ടീസിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത പ്രകാരം തീരുമാനമെടുക്കാനിടയായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

1998-ലെ കേരള പഞ്ചായത്ത് രാജ് (കരാറുകൾക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 4(1),5 എന്നിവ

പ്രകാരം സാംക്രമികരോഗം പൊട്ടിപ്പുറപ്പട്ടതു മൂലമോ, ലഹള എന്നിങ്ങനെയുള്ള അപ്രതീക്ഷിതവും മനുഷ്യ നിയന്ത്രണത്തിനതീതമായ കാരണങ്ങളാലും കരാറുണ്ടാക്കിയ കാലത്ത് പ്രതീക്ഷിക്കാതിരുന്നതുമായ കാരണങ്ങളാലും കരാറുകാരന്/പാട്ടക്കാരന് കരാർ വ്യവസ്ഥ പ്രകാരമുള്ള കാര്യങ്ങൾ നടത്തുന്നതിന് തടസ്സം നേരിട്ട് നഷ്ടം ഉണ്ടായിട്ടുള്ളതായി പഞ്ചായത്തിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തി ലല്ലാതെ കരാർ തുകയിൽ യാതൊരു കിഴിവും അനുവദിക്കാൻ പാടുള്ളതല്ലെന്നും, ഇപ്രകാരം കിഴിവിന് അർഹതയുള്ള പാട്ടക്കാരൻ / കരാറുകാരൻ അതിനുള്ള കാരണം വിശദമാക്കിക്കൊണ്ടുള്ള ഒരു അപേക്ഷ പഞ്ചായത്തിന് സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചി ട്ടുണ്ട്.

എന്നാൽ ഇതൊന്നും കണക്കിലെടുക്കാതെ കുത്തകാവകാശം 2 വർഷത്തേക്ക് എന്ന രീതിയിൽ ലേലനടപടികൾ സ്വീകരിക്കുകയും ലേലത്തുക കൃത്യമായി അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ 2 വർഷത്തേക്ക് ഉറപ്പിച്ച ലേലം 3 വർഷത്തേക്ക് എന്ന് ആക്കി നൽകുകയും ചെയ്തതു വഴി ആദ്യം തന്നെ 3 വർഷത്തേക്ക് എന്ന രീതിയിൽ ലേല നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ ലഭ്യമാകാനിടയുള്ള സാമ്പത്തികലാഭം പഞ്ചായത്തിന് ലഭ്യമായില്ല. മാത്രമല്ല ലേലമുറപ്പിച്ച ആളുടെ വ്യക്തിപരമായ താൽപര്യത്തിനനുസരിച്ച് പഞ്ചായത്തിന്റെ പൊതു താൽപര്യങ്ങൾ മാറ്റുന്ന രീതിയിലേക്ക് തീരുമാനങ്ങളെടുക്കുന്നത് അഭികാമ്യമല്ലെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം 4/ 29-11-16 ന് വ്യക്തമായ മറുപടി തന്നിട്ടില്ല.

ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ കടമുറികളിൽ വ്യാപാരം നടത്തുന്നു

ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ്, ചിക്കണാമ്പാറ മാർക്കറ്റ്, പൊള്ളാച്ചി റോഡ്, എന്നിവിടങ്ങളിലെ കടമുറികൾ കൈവശം വച്ച് വന്നിരുന്ന കച്ചവടക്കാർക്ക് 2015-16 വർഷത്തേക്ക് 5% വാർഷിക വർദ്ധനവോടെ വാടകയ്ക്ക് നൽകുന്നതിന് 31-03-15 ലെ 1(1),1(3),4(1) ഭരണസമിതിയോഗം തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തീർച്ചപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം 36 കടമുറികൾ തൻവർഷം വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഡി ആന്റ് ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കടമുറികൾ വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചു വരുന്ന കച്ചവടക്കാർക്ക് ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ചിട്ടില്ല എന്നു കണ്ടെത്തി. കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ വകുപ്പ് 232 (1) പ്രകാരം ഗ്രാമപഞ്ചായത്ത് ഇതിലേക്കുള്ള ചട്ടങ്ങളിലെ നിർദ്ദേശിച്ചിട്ടുള്ളവയും സർക്കാരിന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കു ന്നതോ, ആയേക്കാനിടയുള്ളവയുമായ, എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് പരസ്യം ചെയ്യാവുന്നതാണെന്നും ഇപ്രകാരത്തിലുള്ള പരസ്യം അതിന്റെ പ്രസിദ്ധീകരണ തീയതി മുതൽ 30 ദിവസത്തിനു ശേഷം പ്രാബല്യത്തിൽ വരുന്നതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്ത് ലൈസൻസു കൂടാതെ സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന് പരസ്യപ്പെടുത്തുകയോ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ വകുപ്പ് 256 (1)പ്രകാരം പഞ്ചായത്തിന് അത് ഏതു കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും ഒന്ന് നിറവേറ്റാൻ സർക്കാരിന്റെ അംഗീകാരത്തോടു കൂടി ബൈലാകൾ ഉണ്ടാക്കാവുന്നതാണെന്ന നിർദ്ദേശം പാലിക്കുകയോ ചെയ്തിട്ടില്ല.

ആയതിനാൽ തന്നെ പഞ്ചായത്തിന് നിയമാനുസൃതം ലഭ്യമാകേണ്ട നികുതികളും ഫീസുകളും ഈടാക്കുന്നതിനും സാധ്യമാകുന്നില്ല. തൻമൂലം പഞ്ചായത്തിന് അതിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന മാർഗ്ഗങ്ങൾ ഇല്ലാതാകുന്നു.

കൂടാതെ കടമുറികളിൽ തൊഴിലെടുക്കുന്നവരിൽ നിന്നും ഈടാക്കാവുന്ന കുറഞ്ഞ തൊഴിൽനികുതി പോലും ഈടാക്കുന്നതിനും സാധ്യമാകുന്നില്ല.

ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതു വഴി പഞ്ചായത്ത് പരിധിയിൽ മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അസഹ്യമോ ആപൽക്കരമോ ആകാനിടയുള്ള കാര്യങ്ങൾ ഇല്ല എന്ന് ഉറപ്പു വരുത്തുന്നതിനും സാധിക്കുന്നില്ല. ഈ വിഷയത്തിലേക്ക് പഞ്ചായത്തധികൃതരുടെയും ഭരണ സമിതിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 <u>സേവന നികുതി ഈടാക്കുന്നില്ല</u>

2011-ലെ കെ.പി.ആർ (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം പഞ്ചായത്ത് ഏർപ്പെടുത്തുന്ന സേവനങ്ങൾക്ക് നിശ്ചിത നിരക്കിൽ കുറയാത്ത സേവന നികുതി ചുമത്താവുന്നതാണ്. പഞ്ചായത്ത് മാലിന്യ നിർമ്മാർജനം, തെരുവ് വിളക്ക്, ജല വിതരണം എന്നീ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് വേണ്ട ധനസമാഹരണം ഉറപ്പാക്കുന്നതിന് അനിവാര്യമായ സേവന നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്യുന്നില്ല. സേവന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>മേൽപ്പുര റിപ്പയർ - അഡ്വാൻസ് തുക കൈപ്പറ്റിയ ശേഷം പണി പൂർത്തീകരിച്ചിട്ടില്ല</u>

എ)മേൽപ്പുര റിപ്പയർ (പ്രോജക്ട് നം.31/16)

അടങ്കൽ -18,00,000/-

ചെലവ് - 17,90,000/-

നിർവ്വഹണോദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

മേൽ പ്രോജക്ട് പ്രാകാരം മേൽപ്പുര റിപ്പയറിന് 90 ഗുണഭോക്താക്കൾക്ക് 20,000 രൂപ വീതം അനുവദിച്ചതിൽ ഒരു ഗുണഭോക്താവ് മാത്രം അഡ്വാൻസ് തുക കൈപ്പറ്റിയ ശേഷം പണികളൊന്നും ചെയ്യാത്തതിനാൽ അവസാന ഗഡു അനുവദിച്ചില്ല. ആകയാൽ അഡ്വാൻസ് തുക തിരികെ ഈടാക്കി സഞ്ചിത നിധിലേക്ക് അടവാക്കേണ്ടതാണ്. ഗുണഭോക്താവിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|
| രവീന്ദ്രൻ,<br>s/o അയ്യപ്പൻ എഴുത്തച്ഛൻ | Rs. 10,000/-<br>(DD No. 732497) |

ബി) മേൽപ്പുര റിപ്പയർ -SCP (പ്രോജക്ട് നം.172/16)

അടങ്കൽ -18,00,000/-

ചെലവ് - 15,70,000/-

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്റ്റ് പ്രാകാരം മേൽപുര റിപ്പയറിന് 72 ഗുണഭോക്താക്കൾക്ക് 25,000 രൂപ വീതം വകയിരുത്തി അനുവദിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് തുക കൈപ്പറ്റിയ ശേഷം പണി പൂർത്തീകരിക്കാ ത്തതിനാൽ അവസാന ഗഡു അനുവദിച്ചില്ല. ആകയാൽ അഡ്വാൻസ് തുക തിരികെ ഈടാക്കി സഞ്ചിത നിധിലേക്ക് അടവാക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|
| കണ്ണൻ, പരണാട്ടുപാടം, കൊല്ലങ്കോട് | Rs. 10,000/-<br>(DD No.733391/ 26.02.16) |
| പഴണിമല,s/o.കോരൻ, പുത്തൻകളം, കൊല്ലങ്കോട് | Rs.10,000/-<br>(DD No. 732589/ 20.01.2016) |

## 3-2 ഭവന നിർമാണ പദ്ധതി പൂർത്തീകരിച്ചിട്ടില്ല

'ജവഹർലാൽ ഭവന നിർമ്മാണം' എന്ന പദ്ധതി (പ്രോജക്റ്റ് നം.79/16) 2015-16 ൽ ആരംഭിച്ചത് നാളിതുവരെയും പൂർത്തീകരി ച്ചിട്ടില്ല. പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.
നിർവ്വഹണോദ്യോഗസ്ഥൻ -വി.ഇ.ഒ

(യൂണിറ്റ് നിരക്ക്- 200000)

| ക്രമ നം. | ഗുണഭോക്താവിന്റെപേരും വിലാസവും | അനുവദിച്ച തുക | അനുവദിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | പാർവ്വതി, w/o.അരുണാചലം വടക്കേപാവടി, കൊല്ലങ്കോട് | 180000 | 20000 |
| 2 | വിലാസിനി, w/o.ചിദബരസൻ, കിഴക്കേ കുതിരമൂളി | 140000 | 60000 |
| 3 | സുധ.കെ.കെ, w/o.ശങ്കരനാരായണൻ കാരാട്ടുപാടം, കൊല്ലങ്കോട് | 180000 | 20000 |
| 4 | പ്രേമ ,w/o.ദണ്ഡപാണി, മേട്ടുപാളയം, കൊല്ലങ്കോട് | 80000 | 120000 |
| 5 | സുഭദ്ര എന്ന സുമിത്ര, w/o.ആറുമുഖൻ, ചക്കുപ്പറമ്പ്, നെന്മേണി | 140000 | 60000 |
| 6 | പാർവ്വതി, w/o.രാമകൃഷ്ണൻ കാരാട്ടുപാടം, കൊല്ലങ്കോട് | 180000 | 20000 |
| 7 | ലൂസി, w/o.തോമസ്, അച്ചനാംകോട്, കൊല്ലങ്കോട് | 80000 | 120000 |
| 8 | രാജേശ്വരി, w/o.രാധാകൃഷ്ണൻ, പുളിങ്കൂട്ടത്തറ | 140000 | 60000 |
| 9 | ഉമാമഹേശ്വരി, w/o.ഗോവിന്ദൻകുട്ടി, | 80000 | 120000 |

| | | | |
|---|---|---|---|
| | പയ്യലൂർ | | |

ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 2015-16 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ കണ്ടെത്തിയ പ്രധാന അപാകതകൾ

1. എഗ്രിമെന്റ് വ്യവസ്ഥകൾ 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ്മാന്വലിലെ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്ത് പുതുക്കിയിട്ടില്ല

സ.ഉ(പി).13/2012/PWD തിയതി 1-2-2012 പ്രകാരം കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പുതുക്കിയിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തിൽ ടെണ്ടർ ലഭിച്ച കരാറുകാരുമായി ഏർപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ മാന്വലിലെ നിബന്ധനകൾക്കനുസരിച്ച് പരിഷ്കരിച്ചിട്ടില്ല. ആയതിനാൽ കാലഹരണപ്പെട്ട പല വ്യവസ്ഥകളും കരാറിൽ ഉൾപ്പെട്ടിട്ടുണ്ട്. എഗ്രിമെന്റ് വ്യവസ്ഥകൾ കാലാനുസൃത മായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, കൂലി, മതിപ്പു ചെലവ് എന്നിവ മലയാള ത്തിൽ തയ്യാറാക്കിവെക്കണം എന്ന നിബന്ധന പാലിക്കുന്നില്ല. ചട്ടം 17 അനുസരിച്ച് മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും അടുത്ത ഗ്രാമസഭയിൽ വെക്കുകയും വേണം. സംക്ഷിപ്ത വിവരം പണി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം. ചട്ടങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പ്

ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടറിന് ഇഷ്യൂ ചെയ്യുന്ന ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ചെയ്യപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെണ്ടർ ഫോറത്തിന് 300 മുതൽ 15000 രൂപവരെ മൂല്യമുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമാക്കിവെക്കാത്തത് സാമ്പത്തിക നഷ്ടത്തിന് ഇടവരുത്തുന്നതാണ്. ടെണ്ടർ ഫോറം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുന്ന സെക്രട്ടറിയും ടെണ്ടർ ഫോറം തയ്യാറാക്കി കരാറുകാർക്ക് വിതരണം ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയറും ടെണ്ടർ ഫോറങ്ങളുടെ റസീപ്റ്റ്, ഇഷ്യൂ, ബാലൻസ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. അതിനാൽ അനധികൃതമായി ടെണ്ടർ ഫോറങ്ങൾ വില്പന നടത്തിയിട്ടുണ്ടോ എന്നും ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടുണ്ടോ എന്നും പരിശോധിക്കാൻ കഴിയുന്നില്ല. ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് കൃത്യമാക്കിവെക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഭാഗമായി താഴെ പറയുന്ന തുകകൾ വിവിധ ആവശ്യങ്ങൾക്കായി നൽകിയിട്ടുണ്ടെങ്കി ലും പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| തുക | നൽകിയത് | ബിൽ നം/ തീയതി |
|---|---|---|
| 65000 | മീഡിയാ ശ്രീ വിഹിതം,സംസ്ഥാന കുടുംബശ്രീ മിഷൻ | 13/15-16 /20-10-15 |
| 350000 | എ.ബി.സി.പ്രോഗ്രാം, ജില്ലാ പ്രോഗ്രാം ഓഫീസർ, ജില്ലാ പഞ്ചായത്ത്, പാലക്കാട് | 30/15-16 /18-03-16 |
| 1180000 | ഐ.എ.വൈ. വിഹിതം,എസ്.സി.പി | 16/15-16 /17-12-15 |
| 600000 | ഐ.എ.വൈ. വിഹിതം,ജനറൽ | 19/15-16 /31-12-15 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ആദായ നികുതി ഈടാക്കിയിട്ടില്ല

തെരുവുവിളക്കുകൾക്കുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് കരാറുകാരന് നൽകിയ താഴെ പറയുന്ന ബിൽ തുകകളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ആദായനികുതി ഈടാക്കിയിട്ടില്ല. ആദായനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | വൗച്ചർനം തുക, കരാറുകാരന്റെ പേര് | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|
| 1 | 21500067/29-04-15; 172138; പി.പി.മുത്തുകൃഷ്ണൻ | 1721 |
| 2 | 21500103/8-05-15;162286; പി.പി.മുത്തുകൃഷ്ണൻ | 1623 |
| 3 | 21500266/10-07-15; 193968; ജി.സന്തോഷ് കുമാർ | 1940 |
| ആകെ | | 5284 |

## 3-6 തെരുവുവിളക്ക് പരിപാലനം അടങ്കൽതുകയിൽ അധികരിച്ച് തുക നൽകി

2015-16 വർഷത്തെ തെരുവുവിളക്ക് പരിപാലനത്തിനായുള്ള എ.എം.സി 500000 രൂപ അടങ്കൽ വച്ച് ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ശ്രീ.സന്തോഷ് കുമാർ.ജി, വിഷൻ ഇലക്ട്രിക്കൽസ് എന്നയാൾക്ക് ടെണ്ടർ ഉറപ്പിച്ച് നൽകുകയും ചെയ്തു. ഇദ്ദേഹവുമായി വച്ചിട്ടുള്ള എഗ്രിമെന്റ് നം 3191/8-05-15 പ്രകാരം മേൽ അടങ്കൽ തുകയ്ക്ക് 2015-16 വർഷത്തെ തെരുവുവിളക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി കരാർ ഉറപ്പിച്ചിട്ടുള്ളതാണ്. എന്നാൽ തെരുവുവിളക്ക് പരിപാലനത്തിനായുള്ള ചെലവുകൾ 500000 രൂപയിൽ അധികരിച്ചപ്പോൾ തനത് ഫണ്ടിൽ നിന്നും പ്രോജക്ട് നം 65/16 പ്രകാരം 18 വാർഡുകളിൽ തെരുവുവിളക്ക് പരിപാലനത്തിനായി 10,00,000 രൂപയ്ക്ക് പ്രോജക്ട് രൂപീകരിക്കുകയും ആയത് പ്രകാരം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ചെലവുകൾ മുൻകൂട്ടി കണ്ട് അടങ്കൽ തുക 1000000/- രൂപയ്ക്ക് തന്നെ ദർഘാസ് ക്ഷണിച്ചിരുന്നെങ്കിൽ കൂടുതൽ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭ്യമാക്കാമായിരുന്നു. ഇത്തരം അപാകതകൾ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ

പ്രോജക്ട് നം : S00 23/16 (ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ)

ഫണ്ട് : മെയിന്റനൻസ് ഫണ്ട് (റോഡിതരം )

അടങ്കൽ :200000 രൂപ

ബിൽ നം : 1) 2/15-16 ;12-02-16 തുക 34118/-

" 2) 3/15-16 ;12-02-16 തുക 165882/-/-

മേൽ പ്രോജക്ട് പ്രകാരം മരുന്നു വാങ്ങുന്നതിനായി കേരള സംസ്ഥാന ഹോമിയോപ്പതിക് കോർപ്പറേറ്റീവ് ഫാർമസിയ്ക്ക് തുക നൽകിയിട്ടുണ്ടെങ്കിലും (D.D No.733097/18-02-16)നാളിതു വരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിന് കൂടിയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യസ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങി നൽകുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നത്. എന്നാൽ അതത് സമയങ്ങളിൽ ആവശ്യമായ മരുന്ന് എത്തിക്കാൻ കഴിയാതിരിക്കുന്നത് യഥാർത്ഥ ഗുണം രോഗികൾക്ക് ലഭ്യമാവാത്ത സ്ഥിതി വിശേഷം ഉണ്ടാക്കുന്നതാണ്. ഇത് സംബന്ധിച്ച് വകുപ്പുതലത്തിലും പഞ്ചായത്ത് തലത്തിലും യാതൊരുവിധ തുടർനടപടികളും സ്വീകരിച്ചതായോ ഹോംകോയുമായി ഏതെങ്കിലും തരത്തിലുള്ള ഉമ്പടികൾ വച്ചിട്ടുള്ളതായോ കാണുന്നില്ല. എത്രയും വേഗം ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് മരുന്നു ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശിശു വികസന പ്രോജക്ട് | 2015-16 | 660344 | അംഗൻവാടി പോഷകാഹാരം | 242819 | 417525 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ, കൊല്ലങ്കോട് | | | | | |
| ശിശു വികസന പ്രോജക്ട് ഓഫീസർ, കൊല്ലങ്കോട് | 2015-16 | 43575 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 43575 | - |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2015-16 | 1413690 | നെൽകൃഷിക്ക് കൂലിച്ചെലവ് | 1413690 | - |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2015-16 | 84824 | നെൽകൃഷിക്ക് കൂലിച്ചെലവ് | 84824 | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2015-16 | 17500 | ഗായത്രി നദീതട മാസ്റ്റർപ്ലാൻ തയ്യാറാക്കൽ | 17500 | |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-4 .(i) വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവനനിർമ്മാണ ധനസഹായം | GO(Rt) NO.1000/2010/ LSGD Dt.24.3.10 | 2699940 | 14149779 | 2876127 | 1354819 | 11273652 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 19819 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ | രശീത് നമ്പർ |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | ആളുടെ പേരും ഉദ്യോഗപ്പേരും | തിയ്യതി |
|---|---|---|---|---|
| 1998-99 | ഖണ്ഡിക -29 | 200 | മുഹമ്മദ് അമീൻ, ജൂനിയർ സൂപ്രണ്ട് | 1150110471/dated 03-10-15 |
| 2006-07 | ഖണ്ഡിക 2-4 | 50 | തോമസ് ഡൊമിനിക്, കളരി കോവിലകം | 11501104884 |
| 2006-07 | ഖണ്ഡിക 2-4 | 50 | രാജലക്ഷ്മി അമ്മ, സായി മെഡിക്കൽസ് | 11501104885 |
| 2004-05 | ഖണ്ഡിക 2-1 | 50 | രാജലക്ഷ്മി അമ്മ, സായി മെഡിക്കൽസ് | 11501104886 |
| 2005-06 | ഖണ്ഡിക 2-1 | 50 | രാജലക്ഷ്മി അമ്മ, സായി മെഡിക്കൽസ് | 11501104887 |
| 2012-13 | Audit enquiry no-7 | 19419 | ടി.ശിവൻ, P W D കോൺട്രാക്ടർ | 11501107232 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81933343 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 76859086 |
| വരവിനങ്ങളിലുള്ള നഷ്ടം | 9600 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 9600 | - | സി.അബ്ദുൾ നാസർ, സെക്രട്ടറി (റിട്ടയേർഡ്) ജെസീന മൻസിൽ , നിയർ വെയർ ഹൗസ്, |

| | | | |
|---|---|---|---|
| | | | മുതലമട (പി.ഒ). |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം ഖണ്ഡിക 3-5 5284

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-3

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി.അബ്ദുൾ നാസർ, സെക്രട്ടറി (റിട്ടയേർഡ്) | റിട്ടയേർഡ് | ജെസീന മൻസിൽ,നിയർ വെയർ ഹൗസ്, മുതലമട പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2002-03 | LFP6/202/08 dt. 18.9.10 | ഫർദർ റിമാർക്സ് |
| 2003-04 | LFP6/342/08 dt. 6.9.10 | -ടി- |
| 2004-05 | LFP6/677/08 dt. 2.9.10 | -ടി- |
| 2005-06 | LFP8/1278/11 dt. 16.12.11 | പുനരഭിപ്രായം- തുടർ നടപടികൾ |
| 2006-07 | LFP8/1279/11 dt. 10.11.11 | -ടി- |
| 2007-08 | LFP8/2208/12 dt. 5.2.13 | പുനരഭിപ്രായം |
| 2008-09 | LFP8/1677/12 dt. 31.12.12 | -ടി- |
| 2009-10<br>2010-11 | LFP8/1006/13 dt. 17.3.2014 | ഫർദർ റിമാർക്സ് |
| 2011-12 | LFP8/1949/14 dt. 4.2.15 | ഫർദർ റിപ്പോർട്ട് |
| 2013-14<br>2014-15 | നം. കെ എസ് എ - പി കെ ഡി8/335/2016/7.4.16 | - |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-പികെഡി.19/2293 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തിയതി -28 -12 -2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### ന്യൂനതകളുടെ സംഗ്രഹം

1.വിവിധ സ്ഥാവര ജംഗമ ആസ്തികളുടെ മൂല്യവും കൊടുത്തു തീർക്കാനുള്ള തുകകളുടെ വിവരങ്ങളും ചേർത്ത് ആസ്തി ബാധ്യതകൾ പൂർണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD19/2293/16

Kerala State Audit Department

District Audit Office, Palakkad

Date- 28.12.2016

## Audit Certificate

Certified that I have audited the Annual Financial Statement of Kollengode Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kollengode Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

The shedule B-11 in the balance sheet inconnection with the value of Assets is not Up-dated .

Deputy Director